## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6519 09.07.2014 ൽ മറുപടിക്ക്**

**റെയിൽവേയുടെ അന്യാധീനപ്പെടുന്ന സ്ഥലം സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം-പുനലൂർ ബ്രോഡ്ഗേജ് മാറ്റവുമായി ബന്ധപ്പെട്ട് അലൈൻമെന്റ് മാറ്റിയതിനാൽ നിരവധി സ്ഥലങ്ങളിൽ റെയിൽവെയുടെ സ്ഥലം അന്യാധീനപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ; | (ബി) | ചില സ്ഥലങ്ങളിലുള്ള അത്തരം കയ്യേറ്റങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്ന മുറയ്ക്ക് കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് റയിൽവേ Public Premises Act അനുസരിച്ച് നടപടികൾ സ്ഥിരമായി സ്വീകരിക്കുന്നുണ്ട്. |
| (സി) | അത്യന്താപേക്ഷിത പ്രദേശങ്ങളിൽ ഒഴികെ റെയിൽവെയുടെ പ്രസ്തുത സ്ഥലം സർക്കാർ മന്ദിരങ്ങളുടെ നിർമ്മാണത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വ്യക്തമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം റെയിൽവേ ബോർഡിനോട് ആവശ്യപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ